കേബിൾ ടി.വി. നെറ്റ്‌വർക്ക് റഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾക്ക് വിധേയമായി വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു സംസ്ഥാനതല മോണിറ്ററിംഗ് സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശിപാർശയോടെ ടി. വി. ചാനലുകൾക്കെതിരെയുള്ള പരാതികൾ കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ് നിലവിലുള്ള സംവിധാനം.

(ബി & സി) ഇത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല. കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമാണ് ഇക്കാര്യം പരിശോധിക്കേണ്ടത്.

മലയാള ഭാഷ വികസനവുമായി ബന്ധപ്പെട്ട പരിപാടികൾ

89 (3056) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം ശ്രേഷ്ഠഭാഷാ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഭാഷാ വികസനത്തിനായി നാളിതുവരെ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട് എന്ന വിവരം വിശദമാക്കുമോ ;

(ബി) അനുബന്ധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ഏതെല്ലാമിനത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രേഷ്ഠഭാഷ ദിനാഘോഷത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ കീഴിലെ ഓരോ സ്ഥാപനങ്ങളും വളരെ വിപുലമായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. സാംസ്കാരികകാര്യ വകുപ്പും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ഔദ്യോഗികഭാഷാ വകുപ്പും സി-ഡാക്കും സംയുക്തമായി ശ്രേഷ്ഠ ഭാഷാ ദിന ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയും 2013 നവംബർ ഒന്നാം തീയതി വി.ജെ.റ്റി. ഹാളിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. മലയാളത്തിന് ശ്രേഷ്ഠഭാഷ പദവി ലഭിച്ചതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പും മറ്റ് വിവിധ സ്ഥാപനങ്ങളും ധാരാളം തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പദ്ധതികളുടെയും അവ നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly